**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5694** **16-03-2023 - ൽ മറുപടിയ്ക്ക്**

**മഹിളാ കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ ജലപീരങ്കി പ്രയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമരക്കാർക്കു നേരെ ജലപീരങ്കി പ്രയോഗിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ ; ജലപീരങ്കി പ്രയോഗിക്കുന്നതിന്റെ വേഗത സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | നിയമവിരുദ്ധമായി സംഘം ചേർന്ന് ക്രമസമാധാന ലംഘനം നടത്തുകയോ നടത്തുവാൻ സാധ്യതയുള്ളതോ ആയി കാണപ്പെടുന്ന ജനക്കൂട്ടത്തിനോട് പിരിഞ്ഞു പോകുന്നതിനായി പോലീസ് നൽകുന്ന നിയമാനുസരണമുള്ള നിർദ്ദേശത്തെ അവഗണിച്ച് പിരിഞ്ഞു പോകുവാൻ കൂട്ടാക്കാതെ, സ്ഥലത്തുതന്നെ നിയമവിരുദ്ധമായി നിലകൊള്ളുന്ന ജനക്കൂട്ടത്തെ പിരിച്ചു വിടുന്നതിന് പോലീസ് ജലപീരങ്കി പ്രയോഗിക്കാറുണ്ട്.ഈ സാഹചര്യം കണക്കിലെടുത്താണ് ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ജലപീരങ്കി ഉപയോഗിക്കുന്നതിന് നിർദ്ദേശം നല്കുകിയത്. |
| (ബി) | 02.03.2023-ന് കളമശ്ശേരി പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തിയ മഹിളാ കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ ജലപീരങ്കി പ്രയോഗിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രകോപനമില്ലാത്ത ജാഥയ്ക്ക് നേരെ ജലപീരങ്കി പ്രയോഗിച്ചതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഏത് ഉദ്യോഗസ്ഥനാണ് ജലപീരങ്കി പ്രയോഗിച്ചതെന്നറിയിക്കാമോ; | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | അനിതാ സജി എന്ന പ്രവർത്തകയെ മാത്രം ലക്ഷ്യം വച്ച് ജലപീരങ്കി പ്രയോഗിച്ചതിന്റെ കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ; അതിലൂടെ പ്രസ്തുത വ്യക്തിക്ക് ഗുരുതരമായ പരിക്കേറ്റത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ജലപീരങ്കി പ്രയോഗിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാമാക്കാമോ; | (ഡി) | ഏതെങ്കിലും വ്യക്തിയെ ലക്ഷ്യം വച്ച് അല്ല പോലീസ് നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ഇ) | സമരക്കാരുടെ ജീവന് തന്നെ ഭീഷണിയായ തരത്തിൽ ജലപീരങ്കി പ്രയോഗിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം | (ഇ) | (ഡി)യിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ